


# സുദിനം ജന്മദിനം

# സെപ്റ്റെമ്പർ 27

പ്രശസ്ത എഴുത്തുകാരി നീന പനയ്ക്കലിനു ഹാർദ്ദമായ പിറന്നാൾ ആശംസകൾ നേരുന്നു.! ഇന്നു സെപ്റ്റെമ്പർ,27. അവരുടെ ജന്മദിനം. ഏതു വർഷ

മെന്നെഴുതുന്നില്ല. എല്ലാവർഷവും അതു വരുമല്ലോ. പിറന്നാൾ ആശംസകൾ അറിയിക്കാൻ അവരെ വിളിക്കുമ്പോൾ "കാല വർഷത്തെ" പ്പറ്റി ചോദിക്കാമല്ലോ. അല്ലെങ്കിലും പെൺകുട്ടികളുടെ വയസ്സറിക്കലും സ്ത്രീകളുടെ വയസ്സും പരസ്യമായി പറയാൻ പാടില്ലെന്നാണു. സ്ത്രീകളുടെ ജന്മദിനം മാത്രമേ ഓർക്കാവു അവരുടെ വയസ്സ് ഓർക്കരുതെന്ന് അനുഭവസ്ഥർ പറഞ്ഞിട്ടുണ്ടു. വയസ്സ് ഓർക്കരുത് ചോദിക്കരുത്, വിചാരിക്കരുത്, പറയരുത്.

ഇ-മലയാളിയും, വായനക്കാരും, അഭ്യുദയകാംക്ഷികളും അവർക്ക് ആശംസകൾ അർപ്പിക്കാൻ ഈ അവസരം ഉപയോഗിക്കുന്നു. ഹൗ ഓൾഡ് ആർ യു?? എന്ന അപ്രിയ ചോദ്യം ഞങ്ങൾ ഒഴിവാക്കുന്നു. അതു ഒരു മലയാള പടത്തിന്റെ പേരു മാത്രമാണെന്നു നമ്മുടെ പിറന്നാളുകൾ വരുമ്പോൾ നമുക്കും സമാധാനിക്കാം. സ്നേഹത്തിന്റേയും സൗഹാർദ്ദത്തിന്റേയും ഒരിക്കലും വാടാത്ത മുല്ലപ്പൂക്കൾകൊണ്ട് കൊരുത്ത ഒരു ഹാരം ജന്മദിനോപഹാരമായി ഈ അനുഗ്രഹീത എഴുത്തുകാരിക്ക് സമർപ്പിക്കുന്നു. അമേരിക്കൻ മലയാള സാഹിത്യത്തിന്റെ വേരുകളിൽ ഒന്നായി കരുതേണ്ട ഇവരുടെ സാഹിത്യസപര്യകൾ ഇപ്പോഴും നിർബ്ബാധം തുടർന്നു കൊണ്ടേയിരിക്കുന്നു. അക്ഷരങ്ങളുടെ കൈ പിടിച്ച് നടക്കുന്നത്കൊണ്ട് കാലം അവരിൽ നിന്നു അകന്നു പോകുന്നു. അല്ലെങ്കിലും അനുഗ്രഹീതരായ എഴുത്തുകാർക്ക് പ്രായമാകുന്നില്ല അവർക്ക് മരണമില്ല.

തിരുവനന്തപുരത്ത് പേട്ടയിൽ ജനിച്ച ഇവർ തിരുവനന്തപുരം വിമൻസ് കോളേജിൽ നിന്നും ബിരുദമെടുത്തു. നാട്ടിൽ കേരള സ്റ്റെയിറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ ജോലി നോക്കുമ്പോൾ അമേരിക്കയിലേക്ക് കുടിയേറി. ഇവിടെ ചിൽഡ്രൻസ് ഹോസ്പിറ്റൽ ഓഫ് ഫിലാഡൽഫിയയിൽ റിസർച്ച് വിഭാഗത്തിൽ സീനിയർ റിസർച്ച് ഓഫീസ്സറായി ജോലി ചെയ്യുന്നു. കോളേജ് കാലം തൊട്ടു സാഹിത്യത്തിൽ അഭിരുചിയും എഴുത്തും സമ്മാനങ്ങൾ നേടലും ഉണ്ടായി ട്ടുണ്ടു. ആദ്യത്തെ നോവലായ സ്വപ്നാടനം കൈരളി ടി.വി. സീരിയലാക്കിയിട്ടുണ്ടു. സന്മനസ്സുള്ളവർക്ക് സമാധാനം, ഒരു വിഷാദഗാനം പോലെ, മഴയുടെ സംഗീതം,എന്നീ ചെറുകഥാസമാഹാരങ്ങളും ഇലത്തുമ്പിലെ തുഷാരബിന്ദുവായി മല്ലിക, നീല മിഴികൾ നിറമിഴികൾ എന്നീ നോവലുകളും പ്രസിദ്ധീകരിച്ചിട്ടുണ്ടു. അമേരിക്കയിൽ നിന്നും നാട്ടിൽ നിന്നും സാഹിത്യത്തിനുള്ള സമ്മാനങ്ങൾ ലഭിച്ചിട്ടുണ്ടു. ന്യൂയോർക്കിൽ നിന്നുമിറങ്ങുന്ന ജനനി മാസികയിൽ "ഏഞ്ചല മൈ ഏഞ്ചല" എന്ന നോവലെറ്റ് ഇപ്പോൾ എഴുതികൊണ്ടിരിക്കുന്നു.

ശ്രീമതി നീന പനയ്ക്കലിനു അവരുടെ ജന്മദിനം ഇരട്ടിമധുരമാണു നൽകുന്നത്. കാരണം അവരെ സൃഷ്ടിക്കാനുപയോഗിച്ച വാരിയെല്ലിന്റെ അവകാശിയും

അന്നാണു ജനിച്ചത്. അതുകൊണ്ട് അവർ ദൈവം യോജിപ്പിച്ചവരാണെന്നു നമുക്ക് വിശ്വസിക്കാം. വർഷങ്ങളുടെ വിടവുണ്ടെങ്കിലും രണ്ടുപേർക്കും ജനിക്കാൻ ഒരു ദിവസം തിരഞ്ഞെടുത്ത ദൈവം രണ്ടെന്നില്ലാതെ എല്ലാം ഒന്നായി കാണുവാനുള്ള സൂചന അവർക്ക് കൊടുത്തതാകാം.

വർണ്ണശബളമായ പൂക്കളും, മധുരമുള്ള കേക്കും, മെഴുകുതിരികളും (എണ്ണം കൂടിയാലും, കുറഞ്ഞാലും കുഴപ്പമില്ല) , സമ്മാനങ്ങളുമായി എഴുത്തുകാരിയുടെ പിറന്നാൾ സുദിനത്തിൽ നമുക്ക് പങ്കു ചേരാം. ഒരിക്കൽ കൂടി ജന്മദിനാശംസകൾ.

ശ്രീ ജേക്കബ് പനയ്ക്കലിനും ശ്രീമതി നീന പനയ്ക്കലിനും. ആശംസകൾ അറിയിക്കാം ഫോൺ 215 722 6741 ഇമെയിൽ npanackal@yahoo.com

Life is a journey. Enjoy every mile. Happy Birthday.

Quote of the day: The secret of staying young is to live honestly, eat slowly, and lie about your age.

*Lucille Ball*

***സ്നേഹത്തോടെ***

***ഇ മലയാളിയും അഭ്യുദയകാംക്ഷികളും***

(ഇ-മലയാളിക്ക് വേണ്ടി തയ്യാറാക്കിയത് സുധീർ പണിക്കവീട്ടിൽ)

*(space sponsored by a well-wisher)*